LIBRARY ARCHIVES Kerala Legislative Assembly

4. ഉൽപ്പാദനത്തിലും മത്സ്യബന്ധന/മത്സ്യ കൃഷിയിലുമുള്ള സാങ്കേതിക വിദ്യയുടെ ഇടപെടൽമൂലം മത്സ്യത്തൊഴിലാളികളുടെയും മത്സ്യ കർഷകരുടെയും വൈദഗ്ധ്യവും വരുമാനവും വർദ്ധിപ്പിക്കൽ.

5. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ, ക്ഷേമം, വിദ്യാഭ്യാസം, പരിശീലനം.

6. മത്സ്യകൃഷി വികസനം, ജലവിഭവങ്ങളുടെ കൃത്യമായ ഉപയോഗം, മത്സ്യയിനങ്ങളുടെ വൈവിദ്ധ്യവത്കരണം, സംയോജിത മത്സ്യകൃഷി, പരിസ്ഥിതി സൗഹൃദ മത്സ്യകൃഷി രീതി, നാടൻ മത്സ്യയിനങ്ങളുടെ ഉപയോഗം, അലങ്കാര മത്സ്യം, രോഗങ്ങളെ തടയലും നിരീക്ഷണവും, നൂതന സാങ്കേതിക വിദ്യകൾ, മത്സ്യകൃഷിയിലെ പങ്കാളിത്ത ഇടപെടലുകൾ.

7. വിപണനം, വാല്യൂ അഡിഷൻ, മത്സ്യങ്ങളുടെയും മത്സ്യ ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പിക്കൽ.

8. സമുദ്ര, ഉൾനാടൻ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം.

9. തീരദേശ മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം.

10. മത്സ്യ-തീരദേശ ടൂറിസവും അതിന്റെ വികസനത്തിനുള്ള സാധ്യതകളും.

11. ഇതര ഉപജീവനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കലും.

12. സ്ത്രീ ശാക്തീകരണം.

13. ദുരന്ത നിവാരണം.

14 .ഫിഷറീസ് സഹകരണ മേഖലയെ ശക്തിപ്പെടുത്തുക.

15. ഫിഷറീസ് മേഖലയിലെ നിയമവും നിയന്ത്രണങ്ങളും.

സജീവ മത്സ്യത്തൊഴിലാളികളുടെ കണക്ക്

239(5686) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സജീവ മത്സ്യത്തൊഴിലാളികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ (2020 വർഷത്തെ) അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.